# STD - VI

## അദ്ധ്യാപക സഹായി

## പാഠം - പതിനൊന്ന്  ക്രിസ്തു നമ്മുടെ നേതാവ്    ഭാഗം - ഒന്ന്

### ലക്ഷ്യം

എന്നും നമ്മോടുകൂടെയുള്ള ദൈവമായ യേശുവിനോടു ബന്ധം സ്ഥാപിച്ചുകൊണ്ട് അവന്റെ ശിഷ്യത്വം സ്വീകരിച്ചുകൊണ്ട് ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ നേതാവായ യേശു നമ്മെ പ്രാപ്തരാക്കുന്നു. ക്രിസ്തുവിന്റെ നേതൃത്വം വിഭാവന ചെയ്യുന്ന ലോകത്തിൽ ദൈവരാജ്യവരവാണ് നമ്മുടെ ലക്ഷ്യം. ക്രിസ്തുവിൽ ഒന്നായി പരസ്പര സ്നേഹത്തിൽ ഞങ്ങൾ ജീവിക്കും. മറ്റുള്ളവരോട് കരുതലുള്ള ഒരു നേതാവാകാൻ ഞാൻ ശ്രമിക്കും.

### പഠനസഹായികൾ

* ക്രിസ്തു നമ്മുടെ നേതാവ് എന്ന് സൂചിപ്പിക്കുന്ന ക്രിസ്തുരാജന്റെ ചിത്രങ്ങൾ
* നമ്മുടെ സമൂഹത്തിലെ നല്ല നേതൃത്വം വഹിക്കുന്നവരുടെ ചിത്രങ്ങൾ
* വചനം- 2 സാമു. 7:12-14, യോഹ. 3:16-17, മത്താ. 1:23, മർക്കോ. 1:15, ലൂക്കാ. 4:18-19

### പാഠത്തിന്റെ ഉള്ളടക്കം

* നാഥാൻ പ്രവാചകൻ വഴി ദൈവം നൽകിയ വാഗ്ദാന പൂർത്തീകരണം.
* ദൈവരാജ്യത്തിൽ പ്രവേശിക്കുക, യേശുവിനോടു ബന്ധം സ്ഥാപിക്കുന്നതിലൂടെയാണ്.
* ദൈവം തന്റെ ഏകപുത്രനെ ലോകത്തിലേയ്ക്ക് അയച്ചതിന്റെ ലക്ഷ്യം
* ദുർബലരെ ശക്തിപ്പെടുത്തുന്ന നേതൃത്വം
* ഈ ലോകത്തിൽ ദൈവത്തിന്റെ രാജ്യം വരണം. അതാണ് യേശുവിന്റെ നേതൃത്വം വിഭാവന ചെയ്യുന്നത്.

### പ്രാർത്ഥന

ക്രിസ്തു സ്ഥാപിച്ച സഭയ്ക്ക് നല്ല നേതൃത്വങ്ങൾ ഉണ്ടാകുന്നതിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമേൻ.

## ചോദ്യങ്ങൾ

1. ആരുവഴിയാണ് ദൈവം രക്ഷകനെ വാഗ്ദാനം നൽകിയത്?
2. ദൈവം തന്റെ ഏകപുത്രനെ ലോകത്തിലേയ്ക്ക് അയച്ചത് എന്തിനായിരുന്നു?
3. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള മാർഗം എന്ത്?
4. യേശുവിന്റെ നേതൃത്വം വിഭാവം ചെയ്യുന്നത് എന്താണ്?
5. സമൂഹത്തിലെ ദുർബലരോട് അവരെ ശക്തിപ്പെടുത്തിക്കൊണ്ട് യേശു പറഞ്ഞത് എന്താണ്?

# STD - VI

## അദ്ധ്യാപക സഹായി

## പാഠം – പതിനൊന്ന് ക്രിസ്തു നമ്മുടെ നേതാവ് ഭാഗം – രണ്ട്

### ലക്ഷ്യം

ദൈവരാജ്യാനുഭവം ഉണ്ടാകുക എന്നതാണ് ലക്ഷ്യം. ജനങ്ങളുടെ പരിതാപാവസ്ഥ കാണുമ്പോൾ നേതാവിന് അനുകമ്പയാണ് വേണ്ടത്. അനുകമ്പയുള്ള ഒരു നേതാവാകാൻ ഞാൻ ശ്രമിക്കും.

### പഠനസഹായികൾ

* ബൈബിളിൽ അനുകമ്പ പ്രദർശിപ്പിക്കുന്ന ഭാഗങ്ങൾ (മത്താ. 9:35)
* ജനങ്ങൾക്കുവേണ്ടി ജീവൻ ബലി കൊടുത്ത നേതാക്കളുടെ ഫോട്ടോകൾ (യൂട്യൂബ്)
* വചനം – മത്താ. 9:36; 14:14, മത്താ. 9:13, ഹോസി. 6:6, യോഹ.10:10

### പാഠത്തിന്റെ ഉള്ളടക്കം

* അനുകമ്പയുടെ നേതൃത്വം
* ശുശ്രൂഷ ചെയ്യുന്ന നേതൃത്വം
* ജീവൻ ബലി നൽകുന്ന നേതൃത്വം
* തന്റെ ജനത്തിനുവേണ്ടി കുരിശിൽ ജീവൻ ഹോമിച്ച യേശു

### പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, മറ്റുള്ളവരെ ശുശ്രൂഷിക്കാനുള്ള അവസരങ്ങൾ നഷ്ടപ്പെടുത്താതെ അവരെ സ്നേഹത്തോടെ സഹായിക്കുവാൻ എന്നെ ശക്തിപ്പെടുത്തണമേ, ആമേൻ.

### ചോദ്യങ്ങൾ

1. എന്താണ് ദൈവരാജ്യാനുഭവം?
2. ജനത്തോട് എന്ത് മനോഭാവമാണ് ഒരു നേതാവിന് വേണ്ടത്?
3. യേശുവിന്റെ നേതൃത്വം ഏത് രീതിയിൽ ഉള്ളതാണ്?
4. ജീവൻ ബലികൊടുക്കുന്ന യേശുവിന്റെ പ്രവൃത്തി ഇന്നും സഭയിൽ ആവർത്തിക്കുന്നത് എന്തിലൂടെയാണ് തുടരുന്നത്?
5. യേശു കണ്ടുമുട്ടുകയും ശുശ്രൂഷിക്കുകയും ചെയ്ത എല്ലാ ദുർബലരെയും, യേശു എവിടേക്കാണ് കൊണ്ടുവന്നത്?